**സാമ്പത്തിക-സ്ഥിതിവിവരക്കണക്ക് വകുപ്പ് ജില്ലാ ഓഫീസ്, മലപ്പുറം**
ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് ബിൽഡിംഗ്,
മൂന്നാംനില, സിവിൽ സ്റ്റേഷൻ, മലപ്പുറം – **676505**
ഫോൺ : **0483 2954939,** ഇ-മെയിൽ: **ecostatmlp@gmail.com**

==========================================================

**അനക്സർ എച്ച്-4**

**<u>നോട്ടീസ്</u>**

ശ്രീ. അബ്ദുസമദ്. പി., സ്റ്റാറ്റിസ്റ്റിക്കൽ ഇൻവെസ്റ്റിഗേറ്റർ ഗ്രേഡ്-2, താലൂക്ക് സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസ്, ഏറനാട് എന്നയാളെ അറിയിക്കുന്നതെന്തെന്നാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരംതിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങളും കെ.എസ്.ആർ. പാർട്ട്-1 അനുബന്ധം XII സി പ്രകാരവും താങ്കൾക്കെതിരായി അച്ചടക്കനടപടി എടുക്കാതിരിക്കുന്നതിന് കാരണം കാണിക്കുന്ന താങ്കളുടെ എതിർവാദ പത്രികയോ, വിശദീകരണമോ സമർപ്പിക്കുവാൻ നിർദ്ദേശിച്ചുകൊണ്ട് താങ്കളുടെ പേരിൽ ലഭ്യമായ പ്രാദേശിക വിലാസത്തിൽ 24-06-2024 നും, ഇ-മെയിൽ മുഖേന 22-08-2024 നും (ESMLP/1299/2024/ഡി.ഒ.ഇ.എസ്.എം. dated: 24/06/2024) ചാർജ്ജ് മെമ്മോ അയച്ചുനൽകിയിരുന്നു. എന്നാൽ ചാർജ്ജ് മെമ്മോ മേൽവിലാസക്കാരൻ **Add. unclaimed** എന്ന തപാൽ വകുപ്പിന്റെ റിമാർക്സ് സഹിതം തിരികെ ലഭിച്ചിട്ടുണ്ട്. കൂടാതെ ചാർജ്ജ് മെമ്മോ ടിയാൾക്ക് ഇ-മെയിൽ മുഖേന അയച്ചുനൽകിയതിനും യാതൊരുവിധ മറുപടിയും ഈ ഓഫീസിൽ ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തുന്ന ദിവസം മുതൽ 15 ദിവസത്തിനകം താങ്കളുടെ ലിഖിതമായ എതിർവാദ പത്രികയോ, മറ്റു വിശദീകരണമോ ലഭിക്കാത്ത പക്ഷം താങ്കൾക്കൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ സേവനത്തിൽ നിന്നും നീക്കം ചെയ്യുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ചാർജ്ജ് മെമ്മോയുടെ പൂർണ്ണ രൂപം നിശ്ചിത കാലാവധിക്ക് മുൻപ് സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, മലപ്പുറം ജില്ലാ ഓഫീസിൽ നിന്നും നേരിട്ട് അപേക്ഷ നൽകി ഓഫീസ് പ്രവർത്തന സമയത്ത് ശേഖരിക്കുകയോ താങ്കളുടെ വിലാസത്തിൽ നിശ്ചിത സമയപരിധിക്കുള്ളിൽ അയച്ചുതരുവാൻ അപേക്ഷിക്കുകയോ ചെയ്യാവുന്നതാണ്.

**Sreejaya P.K**

ഡെപ്യൂട്ടി ഡയറക്ടർ

<u>അച്ചടക്കനടപടി സ്വീകരിക്കുന്ന അധികാരി</u>

ശ്രീജയ. പി.കെ.,

Signed by
Sreejaya P K
Date: 22-02-2025 13:01:01

ഡെപ്യൂട്ടി ഡയറക്ടർ,
സാമ്പത്തിക സ്ഥിതിവിവരക്കണക്ക് വകുപ്പ്, ജില്ലാ ഓഫീസ്,
ജില്ലാ ആസൂത്രണ സമിതി സെക്രട്ടേറിയറ്റ് ബിൽഡിംഗ്,
മൂന്നാംനില, സിവിൽ സ്റ്റേഷൻ, മലപ്പുറം- **676505**
ഫോൺ : **0483 2954939**, ഇ-മെയിൽ: **ecostatmlp@gmail.com**

<u>സ്വീകർത്താവ്</u>

**Sri. Abdu Samed P,**
**Palanadan House,**
**Chathalloor P O,**
**Edavanna Via,**
**Malappuram – 676 541.**